


# RAINBOW

## Digital Magazine
## 2019

## *GVHSS IRIYANNI*

## ഉള്ളടക്കം


വിസ്മയം....3
FLOWER....5
കാട്....6
മനുവിന്റെ മനസ്സിലെ ആഹ്ളാദം....7
തളരാത്ത ഇതളുകൾ....9
ഇരുളിൻ നിറം....11
കുട്ടിക്കാലം നിവേദ്യാജയൻ ഏഴ് ബി....12
പ്രളയം....13
അവന്റെ മനസ്സിൽ ആഹ്ളാദം അലതല്ലി അനുഷ കെ....14
അത്ഭുതം നവീൻ വി 9 ഡി....17
എന്റെ മോഹങ്ങൾ....18
ഓർമ്മ....19
Digital Painting-Adithyan 9 C....20
പ്രകൃതി ചൂഷണം....21
CROSSWORD....22
RIVER....24
Digitl Painting-Adithyan V 9 C....25



## വിസ്മയം

വിഷ്ണു എം നായർ
9 C

അറിഞ്ഞു  തിരിച്ചറിഞ്ഞു
എല്ലാം കണ്ടറിഞ്ഞു
കേരളനാടിൻ സംസ്കാരത്തിൻ
ഒത്തൊരുമ ഞാൻ തൊട്ടറിഞ്ഞു

പ്രതിസന്ധിയിൽ തളരാതെ
കാലിടറാതെ കൂടെ നിന്നു
ജാതിമതവർഗചിന്തകൾ
ഒത്തൊരുമയോടെ വലിച്ചെറിഞ്ഞു

അമ്മതൻ കണ്ണീർ പ്രളയമായപ്പോൾ
കണ്ഠമിടറ് കരഞ്ഞു മാനവൻ
അമ്മതൻ നൊമ്പരം കാലനായി
അത് ജാതിയെ മതത്തെ പിഴുതെറിഞ്ഞു

ഓർമ്മയുണ്ടാകണം നമ്മൾക്ക്

ദൈവം ആദിയിൽ മനുഷ്യനെ സൃഷ്ടിച്ചു
അന്ന് ജാതിയില്ല മതമില്ല
ആകെയുള്ളത് മനുഷ്യത്വം

പ്രളയജലം കുടിക്കുന്ന മാനവൻ
കണ്ടു ഒരു സഹായഹസ്തം
സ്വാർത്ഥനാം മാനവൻ വിസ്മയമോടെ
വിധിയുടെ കൈയ്യിൽ പിടുത്തമിട്ടു

വിസ്മയം അവനിൽ അലയടിച്ചു
സ്വാർത്ഥചിന്തകൾ കൈവെടിഞ്ഞു
ജീവിതമൂല്യം തിരിച്ചറിഞ്ഞു
വിസ്മയമോടെ തിരിച്ചറിഞ്ഞു

തന്റെ ക്രൂരചെയ്തികൾ
പ്രളയത്തിനു കാരണമായി
എങ്കിലും ദൈവം അതു തിരുത്തി
മനസ്സിൽ നിറച്ചു വിസ്മയം

മനുഷ്യൻ ദൃഢനിശ്ചയമെടുത്തു
ഇതു തനിക്കുള്ള പാഠമാണ്
ഇനി തന്റെ പാപക്കറ
അമ്മതൻ ചിരിയോടെ കഴുകിടേണം

വിസ്മയം അവന്റെ ചിന്തതിരിച്ചു നൽകി
ഇനി കൈയ്യിൽ പാപക്കറ പതിഞ്ഞുകൂടാ.......

# FLOWER



Flower flower flower
Flower is a sign of love
I like rose flower
I like to spend time with my
Favourite flower rose

I love the fragrance of flower
Flower flower flower
Flower is the sign of peace
Flower flower flower

**Kavya.K**
VIII A

# കാട്



ഞങ്ങടെ വീടിനടുത്തൊരു കാടുണ്ട്
കാടിന് പല പല കഥയുണ്ട്
കാട്ടിൽ പല പല മൃഗമുണ്ട്
പക്ഷികളുണ്ടേ മുയലുകളുണ്ടേ
പന്നികളുണ്ടേ എല്ലാമെല്ലാമുണ്ടേ
മരവും ചെടിയും നൂറുണ്ട്
മരത്തിന്ന മീതേ തേനുണ്ട്
പക്ഷികൾ വാനരൻ വാഴുന്ന
വർണചിറക്കാൽ വീശിവരുന്നൊരു
പക്ഷികളുണ്ടേ ഞങ്ങടെ കാട്ടിൽ
തണലും സുഖവും ഒരുപോലെ
മധുരം കനിയും പഴമുണ്ടേ
കാടൊരു കേമൻ വരമാണ്
കാടുനശിച്ചാൽ നാടില്ല
മഴ പെയ്യിക്കും ധനമാണ്
കാട് കാട് നമ്മുടെ കാട്

അനുഭവ് ഇ പി

VI B

# മനുവിന്റെ മനസ്സിലെ ആഹ്ളാദം

ആൻ മരിയ ജോർജ്

7 എ

മനു ഒരു പാവപ്പെട്ട കുടുംബത്തിലെ കുട്ടിയാണ്. അമ്മ അവരുടെ ചെറുപ്പത്തിലേ മരിച്ചിരുന്നു. അവരുടെ ജോലി ടീച്ചറായിരുന്നു.അവർ പിന്നീട് ദാരിദ്രത്തിൽ വീണു എന്നും അവരുടെ അച്ഛനാണ് അവരെ പൊറ്റിയിരുന്നത്.2 ദിവസത്തിനു ശേഷം മനുവിനെ സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർത്തു. അവന് താൻ പാവപ്പെട്ട കുട്ടിയാണെന്നു പറയാൻ
നാണക്കേടായിരുന്നു. പക്ഷേ അവന്റെ കൂട്ടുകാർക്ക് ഇത് അറിയാമായിരുന്നു.

ഒരു ദിവസം ഉച്ചയ്ക്ക് മനു തന്റെ ചോറ്റുപാത്രം തുറന്നപ്പോൾ അതിൽ ഒന്നുമില്ല എന്ന് കൂട്ടുകാരൻ കണ്ടുപിടിച്ചു. താൻ നേരത്തെ കഴിച്ചതാണെന്നു പറഞ്ഞ് രക്ഷപ്പെട്ടു. പിന്നെ ചെന്ന് പൈപ്പിൽ നിന്നു വെള്ളം കുടിച്ച് ക്ളാസിലേയ്ക്ക് പോയി. എന്നും അതു തന്നെയായിരുന്നു അവസ്ഥ.




അടുത്ത ദിവസം ഉച്ചയ്ക്ക് മനു പതിവുപോലെ പാത്രം എടുത്തപ്പോൾ എന്തോ കനമുള്ളതുപോലെ തോന്നി. അവൻ തുറന്നു നോക്കിയപ്പോൾ അതിൽ കൂട്ടുകാർ അവനു വേണ്ടി മാറ്റിവെച്ച ഭക്ഷണമായിരുന്നു അത്.അവൻ സന്തോഷത്തോടെ കഴിച്ചു.അതോടെ അവർ കൂട്ടുകാരായി.

പക്ഷേ പിന്നീട് കുറെ ദിവസത്തേക്ക് മനുവിനെ സ്കൂളിലേക്ക് വന്നില്ല.കുട്ടുകാർ അവനെ തിരക്കി വീട്ടിലെത്തി. ഓലകൊണ്ടുമേഞ്ഞ കുടിൽ കണ്ട അവർക്ക് അവന്റെ ദാരിദ്ര്യാവസ്ഥ മനസ്സിലായി. അകത്തു കടന്ന കുട്ടുകാർ കണ്ടത് പനി പിടിച്ച് അവശ-നിലയിലായ മനുവിനെയാണ്. ഒരു ജനൽ പോലുമില്ലാത്ത ആ കുടിലിൽ മരണം നിറഞ്ഞുനിൽക്കുന്നതു പോലെ അവർക്കു തോന്നി.

അവർ അവനെ ആശുപത്രിയിൽ കൊണ്ടുപോയി. പണം സംഘടിപ്പിച്ച് ശുശ്രൂഷിച്ചു. കുറച്ചു ദിവസംകൊണ്ട് അവൻ അസുഖം മാറി തിരിച്ചുവന്നു. മനുവിന്റെ ഏറ്റവും അടുത്ത കൂട്ടുകാരനായ ജഗുവിന് മനുവിന്റെ അവസ്ഥയിൽ സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. അവൻ അച്ഛനോട് മനുവിന്റെ എല്ലാ കാര്യവും പറഞ്ഞു. തന്റെ ചേട്ടനെക്കൊണ്ട് മനുവിന്റെ ചേച്ചിയെ വിവാഹം കഴിപ്പിക്കാം എന്ന് അവൻ പറഞ്ഞു. അങ്ങനെ ആ വിവാഹം നടത്തി.മനുവിനു സന്തോഷമായി. പിന്നെ അവർ എന്നും ഒരുമിച്ച് സന്തോഷത്തോടെ സ്കൂളിലേക്ക് യാത്രയായി.

# തളരാത്ത ഇതളുകൾ

അനുപ്രിയ സി
എട്ട് എ



ഈ ലോകത്തിൽ പൂക്കൾ വിടരുന്നു. എന്നാൽ ആയുസ്സ് കഴിഞ്ഞാൽ അത് കൊഴിഞ്ഞുപോകുന്നു. എന്നാൽ കൊഴിയാത്ത ആത്മവിശ്വാസത്തിൽ ജീവിക്കുന്ന ഒരു കുട്ടിയുടെ കഥ. എന്റെ ചിരിയാണ് എന്നിലെ ജീവൻ എന്നു പറയുന്ന ഒരു കുട്ടി.

കുറച്ച് ദിവസങ്ങൾക്കു മുൻപ് സോഷ്യൽ മീഡിയയിലെ ഒരു ചർച്ചാവിഷയമായിരുന്നു.

ദാരിദ്ര്യത്തിന്റെ ചുവരുകളും അമ്മയുടെ ചികിത്സാ ചെലവുമൊക്കെ അവളെ ഇരുട്ടി-

ലേക്ക് തള്ളിവിട്ടു. എന്നാൽ ആ ഇരുട്ടിനെ പുഞ്ചിരികൊണ്ട് വെളിച്ചമാക്കി മാറ്റി

ഇന്നും അവൾ മുന്നേറുന്നു.

അച്ഛനില്ലാത്ത ആ കുട്ടിയുടെ ഏകലക്ഷ്യം തന്റെ അമ്മയെ നല്ലരീതിയിൽ

ചികിത്സിക്കണം എന്നും തന്റെ അനുജനെ പഠിപ്പിക്കണം എന്നും ആയിരുന്നു.

ഒപ്പം അവളുടെ പഠനവും കൂടെ കരുതിയിരുന്നു. അതിനുവേണ്ടി അവൾ മീൻവിറ്റുമൊക്കെയാണു കാശുണ്ടാക്കിയത്.

ഇതൊക്കെ ചെയ്യുമ്പോഴും അവൾക്ക് ദുരഭിമാനം തോന്നിയില്ല. മറിച്ച് തന്റെ

അമ്മയുടേയും അനുജന്റെയും സംരക്ഷണമായിരുന്നു. ഏതു ജോലിക്കും അതിന്റേതായ

മഹത്വമുണ്ട് എന്ന കരുത്തുറ്റ വാക്കുകളിൽ അവൾ വിശ്വസിച്ചു.ആ ജോലി ചെയ്യുന്നതിൽ അവൾക്ക് അഭിമാനമായിരുന്നു.ഇതിന്റെ ദൃശ്യങ്ങൾ സോഷ്യൽ മീഡിയയിൽ പതിഞ്ഞിട്ടും

അവൾ തളരാതെ ഇതളുകൾ പോലെ ചിരിയോടെ മുന്നേറി.ഈ കുട്ടി ഇന്നും സോഷ്യൽ മീഡിയയിൽ മിന്നിത്തിളങ്ങുന്നു.ഇതുപോലുള്ള കുട്ടികൾ വരും തണലുമാണ്. അവൾ

നമ്മളിൽ പ്രേരണ ഉണർത്തുന്നു. അവളാണ് ഈ ദേശത്തിന്റെ മിന്നാമിനുങ്ങ്. വിശ്വാസ-

ത്തിന്റെയും കരുത്തിന്റെയും വെളിച്ചം അവൾ ഇന്നും പകർത്തുന്നു. നല്ലൊരു സമൂഹം

വാർത്തെടുക്കാനും അവൾ ഒരു പാഠമാണ്. അവൾ തളരാത്ത ഇതളുകളായി

**ഇന്നും എന്നും നിലനിൽക്കും.**

# ഇരുളിൻ നിറം



വിഷ്ണു എം നായർ

ഒമ്പത് സി

*കാണുന്നതൊക്കെയുമിരുട്ട്*
*എവിടെ നോക്കിയാലുമിരുട്ട്*
*ഇവർ കേൾക്കാൻ മാത്രം ജനിച്ചവരോ*
*ഇവർക്കോ കാതുകൾ കണ്ണുകളല്ലേ*
*ഒറ്റപ്പെടുത്തുന്നു നമ്മൾ*
*ഇവരെയൊറ്റപ്പെടുത്തുന്നു നമ്മൾ*
***ഒരു നിറം മാത്രം അറിയാം***



# കുട്ടിക്കാലം

**നിവേദ്യാജയൻ**

**ഏഴ് ബി**

കൈയെത്തും അകലത്തെൻ കുട്ടിക്കാലം
കാണാതെ മറയുന്ന കുട്ടിക്കാലം
ഓടിക്കളിച്ചതും ചെളിയിൽ കുളിച്ചതും
പാഠങ്ങൾ പഠിച്ചും അടികൾ വാങ്ങിച്ചും
കുറുമ്പുകൾ കാട്ടീട്ടും
ആ കാലം പോയതറിഞ്ഞീലേ ഞങ്ങൾ
ആ ഭാഗ്യംതന്നതെൻ കളിക്കൂട്ടുകാർ
(കൈയെത്തും അകലത്തെൻ)
കാലം മാറി നേരം മാറി അക്കാലം
എങ്ങോ പോയ് മറഞ്ഞും
കളികളും ആഘോഷങ്ങളും
എല്ലാം പോയി
ആ കാലം മാറി മറഞ്ഞേ പോയി
*(കൈയെത്തും അകലത്തെൻ)*



# പ്രളയം

പണ്ട് പണ്ട് 1400 വർഷത്തിന് മുൻമ്പ് ഇന്ത്യ എന്ന അച്ഛന് കേരളം എന്ന മകളുണ്ടായിരുന്നു.അവളുടെ വിളിപ്പേര് കേരു എന്നായിരുന്നു.അവൾക്ക് 14 മക്കളുണ്ടായിരുന്നു.അതിൽ പാവപ്പെട്ടവനും ദരിദ്രനുമായിരുന്നു കാസർകോട്.ആർക്കും വേണ്ടാതിരുന്നതും അവനെയാണ്.അവന്റെ വിളിപ്പേര് കാസു എന്നായിരുന്നു.

അങ്ങനെ ഒരു ദിവസം കാസുവിനൊഴികേ മറ്റെല്ലാവർക്കും പ്രളയം എന്ന രോഗം ബാധിച്ചു.ഡോക്ടർക്കു പോലും ചികിത്സിക്കാൻ കഴിയാത്ത രോഗമായിരുന്നു അത്.
ഇത് കണ്ട കാസുവിന് സഹിക്കാൻ കഴിഞ്ഞില്ല. അവൻ തമിഴ് എന്ന ഡോക്ടെറക്കൊണ്ട് വന്നു.അവർ കഴിയുന്നതൊക്കെ ചെയ്തു. എന്നിട്ട് അവൻ ആന്ധ്രയെയും ഹിമുവിനേയും സമീപിച്ചു.അവരും കഴിയുന്നതൊക്കെ ചെയ്തു.പിന്നീടാണ് അവന് മനസ്സിലായത്അവന്റെ അമ്മയുടെ സഹോദരങ്ങളാണെന്ന്.അവൻ ബാക്കിയുള്ളവരേയും സമീപിച്ചു.അവരും അവർക്ക് കഴിയുന്ന വിധം ചികിത്സിച്ചു.അങ്ങനെ ആ രോഗം ഒരു മാസം നീണ്ടുനിന്നു.

മഴ പോയി സൂര്യൻ ചേട്ടന്റെ കാലമായപ്പോൾ അവർക്ക്സുഖം അനുഭവപ്പെട്ടു.കേരുവും പതിമൂന്ന് മക്കളും വളരെ അധികം സന്തോഷിച്ചു.

ഖദീജത്ത് ഫസീല

# അവന്റെ മനസ്സിൽ ആഹ്ളാദം അലതല്ലി



അനുഷ കെ

ആറ് എ

ഒരിടത്ത് ഒരിടത്ത് ഒരു ദരിദ്രനായ മനുഷ്യൻ ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ പേര് ദാമോദർ എന്നായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ഗർഭിണിയായിരുന്നു. അങ്ങനെ കുറച്ച് ദിവസങ്ങൾ കഴിഞ്ഞു. അദ്ദേഹത്തിന്റെ ഭാര്യ പ്രസവിച്ചു. ആൺകുഞ്ഞാണ്. അവർ ദരി-ദ്രരായതിനാൽ കുഞ്ഞിനെ അമ്മത്തൊട്ടിലിൽ ഉപേക്ഷിക്കാൻ വേണ്ടി പോകുകയാണ്. അപ്പോൾ ദാമോദറിന്റെ ഭാര്യ പറഞ്ഞു , നമ്മൾ ഇവനെ ഉപേക്ഷിക്കണോ? അപ്പോൾ ദാമോദർ മറുപടി പറഞ്ഞു,നാം അതു ചെയ്തല്ലേ പറ്റൂ. ഇനി ഏതെങ്കിലും സമ്പന്നർ ഇവനെ കൊണ്ടുപോയാൽ ഇവൻ സുഖമായി കഴിയില്ലേ? നമുക്ക് ഇവനുവേണ്ടി ഇത് സഹിക്കാം.

അങ്ങനെ അവർ കുഞ്ഞിനെ അവിടെ ഉപേക്ഷിച്ചു. തിരിച്ചുപോയി. ഇതേ സമയം മക്കളില്ലാത്ത ഒരു മഹാരാജാവും പതിയും അവിടെ എത്തി. മഹാരാജാവിനു അതിശയം തോന്നി.

അദ്ദേഹം പത്നിയോടു പറഞ്ഞു,നോക്കൂ പ്രിയേ നമുക്ക് വേണ്ടി ദൈവം ഒരു കുഞ്ഞിനെ നല്കി
യിരിക്കുന്നു. ഇത് കണ്ട് റാണി സന്തോഷവതിയായി. റാണി പറഞ്ഞു, നമുക്ക് ഇവനെ
വളർത്താം. അങ്ങനെ അവർ ആ കുഞ്ഞിനെ വളർത്തി. അവൻ ഒരു രാജകുമാരനെപ്പോലെ
വളർന്നു വന്നു. രാജകുമാരനായി വളർന്ന അവന്റെ എല്ലാ ആവശ്യവും സാധിച്ചുകൊടുക്കാൻ
ആളുകൾ ഉണ്ടായിരുന്നു. അവന്റെ മനസ്സിൽ സന്തോഷം തിങ്ങിനിറഞ്ഞു.

ഒരു ദിവസം കൊട്ടാരത്തിൽ ഒരു മഹർഷി വന്നു. അദ്ദേഹം പറഞ്ഞു, നാളെ ഈ
കൊട്ടാരത്തിൽ ദരിദ്രരായ രണ്ട് ആളുകൾ വരും. അത് ദാമോദരും അദ്ദേഹത്തിന്റെ പത്നി
യുമാണ്. അവരെ നിങ്ങൾ നന്നായി സ്വീകരിക്കണം. കാരണം അവർ ഈ രാജകുമാരന്റെ
യാഥാർത്ഥ മാതാപിതാക്കളാണ്. ഇതുകേട്ട രാജകുമാരൻ അത്ഭുതത്തോടെ ചോദിച്ചു,അപ്പോൾ
നിങ്ങളല്ലേ എന്റെ യഥാർത്ഥ മാതാപിതാക്കൾ? സങ്കടത്തടെ രാജാവ് പറഞ്ഞു, അല്ല ഞങ്ങ-
ളല്ല നിന്റെ യഥാർത്ഥ മാതാപിതാക്കൾ. തുടർന്ന് രാജാവ് അവനോട് ഉണ്ടായതെല്ലാം
വിശദീകരിച്ചു.

ആദ്യം കുമാരൻ ഒരുപാട് വിഷമിച്ചെങ്കിലും മാതാപിതാക്കളെ കാണാനുള്ള ആഗ്രഹം
അവനിൽ നിറഞ്ഞു. പിറ്റേന്ന് ദാമോദരും ഭാര്യയും അവിടെയെത്തി. താൻ ഇതുവരെ വളർന്ന

കൊട്ടാരം ഉപേക്ഷിക്കേണ്ടി വരുമല്ലോ എന്ന ചിന്ത സന്തോഷത്തിനിടയിലും കുമാരനെ അ സ്വസ്ഥനാക്കി. ഇതു കണ്ട രാജാവ് ദാമോദറിനേയും പതിയേയും കൊട്ടാരത്തിൽ താമസി-ക്കാൻ നിർബന്ധിച്ചു. യഥാർത്ഥ മാതാപിതാക്കളെ കാണുകയും കൊട്ടാരത്തിൽ ഇനി എന്നും താമസിക്കാം എന്ന് അറിയുകയും ചെയ്തപ്പോൾ കുമാരൻ സന്തോഷിച്ചു. അങ്ങനെ കുറെക്കാലം

അവർ സന്തോഷത്തോടെ ജീവിച്ചു.



# അത്ഭുതം

നവീൻ വി

9 ഡി

അത്ഭുതം അതൊരു ആഹ്ളാദമാണ്
അനുഭവിച്ചറിഞ്ഞ അനുഭൂതിയാണ്
ഈ ലോകത്ത് പുതതായി കാണുന്നതാണ്
അത്ഭുതം

ആർക്കും അത്ഭുതം അനുഭവിക്കാം
വിസ്മഉമ്പത്ത് ചെല്ലാൻ കൊതിയായി
പ്രകൃതി ഒരു വിസ്മയം
പ്രപഞ്ചം ഒരു വിസ്മയം
ഈ ജീവിതം അതിലേറെ വിസ്മയം.....

പടിവാതിൽ കയറിഞാൻ ഒരു വിസ്മ്യ-
ലോകത്ത് എത്തിയ അനുഭൂതി.
അവിടെ ഒരുപാട് വിസ്മ്യം
നിറഞ്ഞിരുന്നു......

നമ്മുക്ക് ചുറ്റുമുള്ളതെല്ലാം അത്ഭുതം
***നമ്മുടെ ജീവിതമെ ഒരു***
***അത്ഭുതം.........................................***



# എന്റെ മോഹങ്ങൾ

എനിക്കുമുണ്ടൊരു മോഹം

ഒരു പൂവായ് ജനിക്കാൻ
എനിക്കുണ്ടൊരാഗ്രഹം
ഒരു കാറ്റായ് പറക്കാൻ
ഒരു കുയിലായ് പാടാൻ
ഒരു മയിലായ് ആടാൻ
ഒരു മഴയായ് പെയ്യാൻ
ഒരു പുഴയായ് ഒഴുകാൻ
കാറ്റിൽ ആടുന്ന ഒരു മരമായ് വളരാൻ
തെന്നലിന്റെ തോഴിയായ് പാടുന്നൊരു പറവയായ്
പറക്കാനെനിക്കൊരു മോഹം
ഇരുട്ടിനുതുണയായ്
മാനത്തെ വട്ടമായ്
അമ്പിളിമാമനായ് ജനിക്കാനൊരു മോഹം
എനിക്കുമുണ്ടൊരായിരം മോഹങ്ങൾ
പൂവായ്,കാറ്റായ്,കുയിലായ്,മയിലായ്
മഴയായ്,പുഴയായ്,മരമായ്,പറവയായ്,അമ്പിളിയായ്
ജനിക്കാൻ.എനിക്കുമുണ്ടൊരു ആയിരം ആഗ്രഹങ്ങൾ!!

ജ്യോതിക.
കെ
*7 ബി*

## ഓർമ്മ



**കിഴക്കുദിക്കുന്നു സൂര്യനെ നോക്കി ഞാൻ.**
**ഓർമ്മകൾ അയവിറക്കുന്നു..................**
**ഓണം കഴിഞ്ഞു പൂക്കൾകൊഴിഞ്ഞു.**
**എന്നിലെ ഓർമ്മകൾ മായുന്നില്ല..........**
**ക്രിസ്തുമസ് വന്നു കുളിരുവന്നു,**
**ഓർമ്മകൾ അങ്ങനെ താങ്ങിനിന്നു**

കുട്ടികളും കുസൃതികളും,
സ്കൂൾ പഠനവും,തമാശകളും
ഓർമ്മകൾ അങ്ങനെ തങ്ങിനിന്നു

**മാനത്തെ ചന്ദ്രനെപ്പോലെ തന്നെ**
**എങ്ങും പരത്തുന്ന നിലാവായ്**
**ഓർത്തീടും ഞാനീ നല്ലകാലം**

**കാലങ്ങൾ മാറിയാലും ഞാൻ മാറിയാലും,**
**എന്നിലെ ഓർമ്മകൾ മാറുകയില്ല.**

**അതാണ് ഇതാണ് ലോകസത്യം.....**
**ഓർക്കേണം നമ്മൾ എല്ലായിപ്പോഴും**

*അഞ്ജലി കൃഷ്ണ*
**8-A**

# Digital Painting-Adithyan 9 C







# പ്രകൃതി ചൂഷണം

ഹരിതാഭ വർണ്ണമായ ഭൂമിയെ
മനുഷ്യൻ തന്റെചൊൽപടിക്ക് നിർത്തി
അതിന്റ ആഘാതമല്ലോ നാം ഇന്ന് കാണുന്നു
മണ്ണിൽകുടിവെള്ളമില്ല,ശുദ്ധവായുവില്ല
ഭൂമിയിലെവിടെ നോക്കിയാലും
പ്ലാസ്റ്റിക്ക് കുപ്പികൾ
മനുഷ്യർ ഇന്ന് കുപ്പിവെള്ളം കുടിക്കുന്നു
തലചായ്ക്കാൻ ഇടമില്ല
ഭൂമിയെ ചൊൽപ്പടിക്ക് നിർത്തി വെട്ടി നുറുക്കുന്നു
മരങ്ങൾ മുറിക്കുന്നു,
ജെ.സി.ബി കൊണ്ട് മണ്ണിനെ
തുണ്ടം തുണ്ടമാക്കുന്നു.ക്വാറികൾ ഭീഷണിയാകുന്നു
മണ്ണിന്റെ കാര്യങ്ങൾ ഇങ്ങനെ പോയാൽ
ഭൂലോകത്ത് മനുഷ്യന് നിലനിൽപ്പില്ലാതാകുന്നു
മനുഷ്യൻ ജാഗ്രത പുലർത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു

സമർപ്പണം

**കെ.അനുഷ**

ആറ്.എ

# CROSSWORD


prepared by :ABHINAV K AND ARJUN CHANDRAN 8 A

TO RIGHT

1. OTTAWA IS THE CAPITAL OF WHICH COUNTRY? [6 LETTERS]
4.WHICH IS THE NATIONAL BIRD OF NEW ZEALAND? [4 LETTERS]
5. HIPPOCRATUS IS THE FATHER OF WHICH STUDY? [8 LETTERS]
6. FIRST OLYMPICS WAS HELD IN WHICH CONTINENT? [6 LETTERS]
9. WHAT IS THE CLASS OF MAMMALS? [7 LETTERS]

TO DOWN

2.WHICH COUNTRY MADE COINS PICTURED OF SQUIRREL? [4 LETTERS ]
3.WHICH WOMAN WON THE NOBEL PRIZE FOR PEACE IN 2018? [10 LETTERS]
12.WHO WON GOLDEN BOOT IN 2018 WORLD CUP ? [4 LETTERS ]
7. WHICH ANIMAL HAS NAIL BUT NOT FINGERS ? [8 LETTERS ]
8.LAND OF NATURAL DISASTERS?[9 LETTERS]
10.WHERE WAS DRAGON FLY FESTIVAL OF 2018 HELD? [5 LETTERS ]
11 .PROJECT IN KERALA TO PROMOTE TENNIS ?[ 3 LETTERS]




TO LEFT

13. NATIONAL FLOWER OF INDIA ?[ 5 LETTERS ]
14. LARGEST PLANET ON THE SOLAR SYSTEM ? [ 7 LETTERS ]









**TO GO TO ANSWERS 'OPEN HYPER LINK'OF LINK  GIVEN BELOW**

**home/gvhssiriyanni/Desktop/MAGAZ/INEMAGAZINE PUZZ.odt**

# RIVER



I'm a river
flowing through rocks, trees
feel happy
to meet my friends

Everyday they care me
and they ask many things
I flow and flow
I am a blue colour
in my river there are fishes

I feel happy
river also go then fishes also go.
I feel happy

I'm getting afraid
because I'm getting polluted
I want a happy life
it is my requested to all human being

HARINANDANA.V
VIII-A

# Digitl Painting-Adithyan V  9 C



ജി വി എച്ച് എസ് എസ് ഇരിയണ്ണി

